പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1623 — 07-03-2018 ൽ മറുപടിയ്ക്ക്

## മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് പുതിയ ചട്ടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.ഡി. സതീശൻ** | | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് പുതിയ ചട്ടങ്ങൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ; | (എ) | ഔദ്യോഗികതല സ്ഥാപനങ്ങളിലും പരിപാടികളിലും മാധ്യമപ്രവർത്തകർക്ക് മീഡിയ കവറേജ് സുഗമമായി നടത്തുന്നതിന് കഴിയുന്നതും പ്രത്യേക സ്ഥലസൗകര്യമുൾപ്പെടെയുള്ള (മീഡിയ കോർണർ) ക്രമീകരണങ്ങൾ ഒരുക്കണ മെന്നുള്ളതാണ് നിലപാട്. |
| (ബി) മാധ്യമങ്ങൾ കോടതി നടപടികളുടെ തത്സമയ റിപ്പോർട്ടിങ് ഒഴിവാക്കണമെന്നും അവർ നൽകുന്ന സ്കൂളിംഗ് ആശാസ്യമല്ലായെന്നും കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;<br><br>(സി) അഭിഭാഷക – മാധ്യമ സംഘർഷത്തെ തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) യും (സി) യും | കേരളത്തിലെ കോടതികളിൽ മാധ്യമവിലക്ക് ഇല്ലെന്ന് ബഹു. മുഖ്യമന്ത്രിയും ഹൈക്കോടതി രജിസ്ട്രാറും വ്യക്തമാക്കിയശേഷവും മാധ്യമപ്രവർത്തകർക്ക് നേരെ ഒറ്റപ്പെട്ട ചില കൈയേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റിസിനെ കണ്ട് ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കാൻ അഡ്വ. ജനറലിനോട് സർക്കാർ നിർദേശിച്ചിരുന്നു. അഡ്വ. ജനറൽ കാണാനിരിക്കേ ചീഫ് ജസ്റ്റിസ് പ്രശ്നത്തിൽ ഇടപെടുകയും പ്രശ്നം പരിഹരിച്ചതായി അറിയിക്കുകയും ചെയ്തിരുന്നു. കോടതിയുടെ അധികാരി അവിടുത്തെ ന്യായാധിപൻമാർ തന്നെയാണ്. മാധ്യമ വിലക്കിന് അനുകൂല |

| | | |
|---|---|---|
| | | നിലപാടല്ല പൊതുവേ ഉണ്ടായിട്ടുള്ളത്. മാധ്യമസ്വാതന്ത്ര്യം കോടതിയിൽ പൂർണമായി സംരക്ഷിക്കണമെന്ന് ജുഡീഷ്യറിയോട് അഭ്യർഥിച്ചിട്ടുണ്ട്. |

Sreekala.T.P

**സെക്ഷൻ ഓഫീസർ**